LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് നിലവിൽ പൊതുശ്മശാനങ്ങളില്ല. ഹിന്ദുസമുദായത്തിൽപ്പെട്ടവർ സ്വന്തം സ്ഥലങ്ങളിലും മറ്റ് മതക്കാർ പള്ളികളിലും മൃതദേഹം മറവ് ചെയ്യുവരുന്നു. പൊതുശ്മശാനം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിൽ ആലോചിക്കുകയും ഇതിനായി വാർഷിക പദ്ധതിയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ ശ്മശാനം നിർമ്മിക്കുന്നതിന് സാധിച്ചിട്ടില്ല. എല്ലാ നഗരസഭകളിലും ശ്മശാന സൗകര്യങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി നഗരപ്രദേശങ്ങളിൽ നഗരകാര്യ വകുപ്പുമുഖേന വാതക ശ്മശാനങ്ങളുടെ സ്ഥാപനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഞ്ച് നഗരസഭകളിൽ gas crematorium-ന് ഫണ്ട് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി പത്തുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചെങ്ങന്നൂർ നഗരസഭ ശ്മശാനത്തിനായി സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ഉടൻതന്നെ അനുവദിക്കുന്നതാണ്.

15. കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, കർണ്ണാടക, ഗോവ സംസ്ഥാനങ്ങളോട് അടുത്തുനിൽക്കുന്ന കാസർഗോഡുവഴി സംസ്ഥാനത്തേയ്ക്ക് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത് തടയുന്നതിനായി ജില്ലയിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് വർഷങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേണാണുള്ളത്. എന്നാൽ നിത്യേന ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്നതും വാളയാർ കഴിഞ്ഞാൽ സംസ്ഥാനത്തിന് ഏറ്റവുമധികം നികുതി വരുമാനം നൽകുന്നതുമായ മഞ്ചേശ്വരം ചെക്ക് പോസ്റ്റുൾപ്പടെയുള്ള ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലയിൽ പുതുതായി ആരംഭിച്ച താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും ആരംഭിക്കുകയും ആവശ്യമായ കൂടുതൽ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ കള്ളക്കടത്തുകൾ തടയുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും. ഏറെ പ്രാധാന്യം നിറഞ്ഞതും അതീവ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടതുമായ എക്സൈസ് വകുപ്പ് നന്നായി പ്രവർത്തിക്കുന്നതിനുവേണ്ടി

നിലവിലുള്ള ഒഴിവുകൾ നികത്തുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തേ മതിയാകൂ. പി.എസ്.സി. ലിസ്റ്റിൽ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾ ജില്ലയിലുണ്ട്. ഇവർക്ക് നിയമനം നൽകി ഒഴിവുകൾ നികത്തുന്നതിനും അതുവഴി എക്സൈസ് വകപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വാഹനങ്ങളും നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അയൽ സംസ്ഥാനമായ കർണ്ണാടകവുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ ഒരു മേജർ ചെക്ക്പോസ്റ്റും രണ്ട് താൽക്കാലിക ചെക്ക്പോസ്റ്റുകളുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ രൂപീകരിച്ചപ്പോൾ അതിൽ മഞ്ചേശ്വരം ഉൾപ്പെടെ രണ്ടെണ്ണം കാസർഗോഡ് ജില്ലയിലാണ്. ഈ പുതിയ താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ താൽക്കാലിക ചെക്ക്പോസ്റ്റുകളായ ആവൂർ, പെർള എന്നിവ സ്ഥിരം ചെക്ക് പോസ്റ്റുകളാക്കണമെന്ന ശിപാർശ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരുന്നു. എന്നാൽ ഈ ചെക്ക്പോസ്റ്റുകൾ സ്ഥിരപ്പെടുത്തുന്നത് വളരെയേറെ അനിവാര്യമായതുകൊണ്ട് ഈ നിർദ്ദേശം ഈ സാമ്പത്തിക വർഷം തന്നെ പരിഗണിക്കുന്നതാണ്. പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എങ്കിലും അതുൾപ്പെടുന്ന ഭൂപ്രദേശത്തിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിലവിലുള്ള സർക്കിൾ ഓഫീസുകളും സ്റ്റേഞ്ച് ഓഫീസുകളും വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. അതിർത്തി കടന്നുള്ള മദ്യക്കടത്ത് തടയുന്നതിനുവേണ്ടി സ്ഥിരം ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. കാസർഗോഡ് ജില്ലയിൽ 6 സിവിൽ എക്സൈസ് ഓഫീസർമാരുടെയും ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസറുടെയും 5 പ്രിവന്റീവ് ഓഫീസർമാരുടെയും ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതുമാണ്.

16. വടകര നാഷണൽ ഹൈവേയിലെ അപകട സാധ്യത

ശ്രീ. സി. കെ. നാണു: സർ, വടകര മണ്ഡലത്തിലെ ഗവൺമെന്റ് മടപ്പള്ളി കോളേജിനടുത്തുള്ള നാഷണൽ ഹൈവേയിൽ റോഡിന്റെ വളവിൽ നിരന്തരമായി വാഹന അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറച്ചുദിവസങ്ങൾക്ക് മുമ്പ് രാത്രി ഈ വളവിൽ വച്ച് വാതക ടാങ്കർ ലോറിയും കാറും തമ്മിൽ കൂട്ടിയിടിച്ച് അപകടകരമായ രൂപത്തിൽ മറിയുകയുണ്ടായി. ഭാഗ്യത്തിന് ഒരു ഓട്ടോറിക്ഷാ

LIBRARY ARCHIVES Kerala Legislative Assembly